# കേരള കാർഷിക സർവ്വകലാശാല

നടപടിക്രമം

കേരള കാർഷിക സർവ്വകലാശാല – വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

പൊതുഭരണ വിഭാഗം

നം: ജി.എ./ഡി1/33187/2005 വെള്ളാനിക്കര, തീയ്യതി 29.08.2009.

---

സൂചന:– 1. 01.04.2006 - ലെ സ.ഉ. (സാധ) 2386/2006/ പൊ.ഭ.വ. നമ്പർ ഉത്തരവ്.
2. 18.12.2007 - ലെ പൊതു ഭരണ (ഏകോപനം) വകുപ്പിന്റെ ഉത്തരവ് നമ്പർ ജി.ഒ.(പി) 540/2007 ജി.എ.ഡി
3. 28.5.2008 - ലെ പൊതു ഭരണ (ഏകോപനം) വകുപ്പിന്റെ ഉത്തരവ് നമ്പർ 29950 സി.ഡി.എൻ. 5/2008/ ജി.എ.ഡി.

<u>ഉത്തരവ്</u>

മേൽ പരാമർശിച്ച 1-ാം നമ്പർ സർക്കാർ ഉത്തരവിൽ വിവരാവകാശ നിയമം 2005 പ്രകാരം, പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നതിന് ഒടുക്കേണ്ട ഫീസിന്റെ രീതികൾ നിർദ്ദേശിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ചെക്ക്, പേ ഓർഡർ എന്നിവമൂലം ഫീസ് ഒടുക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രീതികളിൽ ഫീസ് അടക്കുന്നത് കേരള കാർഷിക സർവ്വകലാശാലയ്ക്ക് റവന്യൂ വരുമാനം നേരിട്ട് ലഭിക്കുന്നില്ല എന്ന ന്യൂനത പരിഹരിച്ചുകൊണ്ട് താഴെ പറയുന്ന രീതിയിൽ പണം അടയ്ക്കുന്നതിന് ഉത്തരവാകുന്നു.

മുകളിൽ സൂചിപ്പിച്ച 2, 3 ഉത്തരവുകൾക്ക് അനുസൃതമായി കേരള കാർഷിക സർവ്വകലാശാലയിൽ ടി നിയമം അനുസരിച്ച് ഫീസ് ഒടുക്കേണ്ട രീതി നേരിട്ട് പണമായോ, സർവ്വകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചിൽ മാറിയെടുക്കാവുന്ന സർവ്വകലാശാല കംപ്ട്രോളറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ആയോ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു. കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ സ്വീകരിക്കുന്നതല്ല. ഈ ഉത്തരവിന്റെ പ്രാബല്യം, ഇതിന്റെ തീയ്യതി മുതലായിരിക്കുന്നതാണ്.

ഒപ്പ്
രജിസ്ട്രാർ